## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6425** **20-03-2023 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് പതിവായി എത്തി ജനങ്ങളുടെ ജീവനും സ്വത്തിനും വ്യാപകമായി ഭീഷണിയുയർത്തുന്ന സാഹചര്യം പഠിക്കുന്നതിനും പ്രശ്നപരിഹാരങ്ങൾക്കായി ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വനാതിർത്തിയോട് ചേർന്ന ജനവാസ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വിവിധ നടപടികൾ ഏകോപിപ്പിക്കുന്നതിനും അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി 26.12.2022 ലെ G.O (MS) 578/2022/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്റിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പുതുക്കാട് നിയോജക മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി റെയിഞ്ചിന് കീഴിലുള്ള പ്രദേശങ്ങളിൽ അടിയ്ക്കടിയുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനും ആക്രമണങ്ങൾക്ക് ഇരയായവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പാലപ്പിള്ളി റെയിഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നാട്ടിലേക്കിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ച് വിടുന്നതിന് കൂടുതൽ ദിവസക്കൂലി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. വന്യമൃഗ സാന്നിദ്ധ്യം അറിഞ്ഞാൽ ഉടനെ SMS അലെർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകുകയും ചെയ്യുവരുന്നു. കൂടാതെ ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ ലിമിറ്റഡ് പ്ലാന്റേഷൻ ജോലിക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന് (രാവിലെ5.30-നു ശേഷമാക്കുന്നതിന്) കമ്പനി സീനിയർ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | എലിക്കോട് ട്രൈബൽ കോളനി (2.5കി.മി), നടാംപാടം മുതൽ പുലിക്കണ്ണി (2.5 കി.മി), ചീനിക്കുണ്ട്ട്രൈബൽ കോളനി (1കി.മി) എന്നിവിടങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കള്ളിചിത്ര കോളനിക്കുചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ല സംയോജിത പദ്ധതിയായ വന്യമിത്രയുടെ യോഗം 01.11.2022, 04.11.2022 തീയതികളിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ ജനപ്രതിനിധികളും, ജീവനക്കാരും കൂടിചേരുകയും, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എടുക്കേണ്ട മുൻ കരുതലുകളെ കുറിച്ച് നടത്തിയ ചർച്ചയിൽ നിന്നും വന്യജീവികൾ ജനവാസ മേഖലയിലേക്ക് വനത്തിൽ നിന്നും ഇറങ്ങി വരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും, സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത 5, 6, 8 വാർഡുകളിൽ എത്രയും വേഗം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും, തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വാർഡുകളിലെ വിവിധ സ്ഥലങ്ങളിലായി 40 എണ്ണം സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് അധികൃതർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പുതുക്കാട് നിയോജക മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി റെയിഞ്ചിനു കീഴിൽ കാട്ടാനയുടെ ആക്രമണം മൂലം കഴിഞ്ഞ 2 വർഷത്തിനിടയിൽ മരണപ്പെട്ടിട്ടുള്ളത് 3 പേരാണ്. അവരുടെ പേര് വിവരങ്ങളും അനുവദിച്ച നഷ്ടപരിഹാര തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| 1. | ശ്രീ. ഉണ്ണിചെക്കൻ,<br>മലയൻ കോളനി എലിക്കോട് | നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| 2 | ശ്രീ. സൈനുദ്ദീൻ,<br>ഒഴുക്കപ്പറമ്പിൽ വീട്,<br>പാലപ്പിള്ളി | നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| 3. | ശ്രീ. ഹുസൈൻ<br>(താൽക്കാലിക വാച്ചർ)<br>തൂത്തുക്കുടി, കോഴിക്കോട്,<br>വയനാട് വൈൽഡ് ലൈഫ്<br>ഡിവിഷൻ | നഷ്ടപരിഹാര തുകയുടെ ആദ്യഗഡുവായ 50% (5 ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. |